(എഫ്) ആദിവാസികൾക്ക് ഭൂമിവാങ്ങുന്നതിന് സർക്കാർ ഏതെങ്കിലും സാമ്പത്തിക സഹായം നൽകുന്നുണ്ടോ?

ഉത്തരം

(എ) പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല.

(ബി) വിതരണ യോഗ്യമായ ഭൂമിയുടെ ലഭ്യതക്കുറവ്, വനഭൂമി വിട്ടുകിട്ടുന്നതിനുള്ള തടസ്സങ്ങൾ, ചില ഭൂമിയെ സംബന്ധിച്ച കോടതി കേസ്സുകൾ, പ്രോജക്ടുകളിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും തർക്കങ്ങൾ തുടങ്ങിയവ ഭൂമിയുടെ വിതരണത്തിൽ കാലതാമസത്തിന് കാരണമാകുന്നുണ്ട്.

(സി) 5902.92 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.†

(ഡി) കൃഷിയോഗ്യമായ ഭൂമിയാണ് പൊതുവേ വിതരണം ചെയ്തിട്ടുള്ളത്. ഇവർക്ക് വികസനപ്രവർത്തനങ്ങൾ നടത്തുന്നതിന് സാമ്പത്തികസഹായം അനുവദിക്കാറുണ്ട്.

(ഇ) ചില നിബന്ധനകൾക്ക് വിധേയമായി 7693.2257 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ബഹു: സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ അന്തിമവിധി വന്നതിനുശേഷമേ അനന്തര നടപടി കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

(എഫ്) ഇല്ല.

ആദിവാസികൾക്ക് വേണ്ടി നെയ്യാർ വനത്തിൽ പഴവർഗ്ഗങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും കൃഷി നടത്താൻ നടപടി

13. [134] ശ്രീ. പി. ജെ. ജോയി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗമുദ്ധാരണ ക്ഷേമവും യുവജന സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കു വേണ്ടി നെയ്യാർ വനത്തിൽ പഴവർഗ്ഗങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും കൃഷി നടത്താൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ബി) കൃഷിയിൽ ഏർപ്പെടുന്ന ആദിവാസികൾക്ക് വിളവെടുപ്പുകാലംവരെ ജീവിക്കുന്നതിനുള്ള സഹായം നൽകുമോ;

† അനുബന്ധം XX.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരം പദ്ധതികൾ അട്ടപ്പാടിയിലും വയനാട്ടിലും കൂടി നടപ്പാക്കുമോ?

ഉത്തരം

(എ) ആദിവാസികൾക്കുവേണ്ടി പഴവർഗ്ഗങ്ങളുടെയും ഔഷധ സസ്യങ്ങളുടെയും കൃഷി നടത്തുന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

(ബി) പത്തമാസങ്ങളിൽ ആദിവാസികൾക്ക് സൗജന്യ റേഷൻ കാലാകാലങ്ങളിൽ സർക്കാർ അനുവദിച്ച് നൽകിവരുന്നുണ്ട്. അതിനാൽ ആദിവാസികൾക്ക് വിളവെടുപ്പ് കാലംവരെ സഹായം നൽകാൻ പദ്ധതിയൊന്നും നിലവിലില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കൊട്ടാരക്കര തമ്പുരാൻ സ്മാരകം നിർമ്മിക്കുന്നതിന് നടപടി

135. [135] ശ്രീ. ഡോ. എം. എ. കുട്ടപ്പൻ:
" വി. ഡി. സതീശൻ:
" ടി. യു. രാധാകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായ ക്ഷേമവും യുവജന സാസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഥകളിയുടെ ഉപജ്ഞാതാവായ കൊട്ടാരക്കര തമ്പുരാന് ഉചിതമായ സ്മാരകം നിർമ്മിച്ചിട്ടുണ്ടോ;

(ബി) കൊട്ടാരക്കര തമ്പുരാൻ സ്മാരക ക്ലാസിക്കൽ കലാമ്യൂസിയത്തിന് സ്വന്തമായ കെട്ടിടമുണ്ടോ;

(സി) പ്രസ്തുത കലാമ്യൂസിയം സ്ഥാപിച്ചിട്ടുള്ള കെട്ടിടം ഒഴിയണമെന്ന് അതിന്റെ ഉടമസ്ഥൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) കലാമ്യൂസിയത്തിൽ എന്തെല്ലാം സാധനങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടെന്നതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഇ) ഈ കലാമ്യൂസിയത്തിനുവേണ്ടി സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയോ, തമ്പുരാൻ ജനിച്ചതും ജീവിച്ചതുമായ കൊട്ടാരങ്ങളിലൊന്ന് ഈ കലാമ്യൂസിയം സ്ഥാപിക്കുന്നതിന് ഏറ്റെടുക്കുകയോ ചെയ്യുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വന്തമായ കെട്ടിടം ഇല്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly